The Heavenly Light Ministry

എൻപ്രിയൻ യേശുവിൻ നാമം
എനിക്കു നല്ല പ്രത്യാശയേകുന്ന നാമം
എന്നാശ യേശുവിൽ മാത്രം
എനിക്കു നിത്യരക്ഷയും യേശുവിൽ മാത്രം

1. സങ്കടക്കടലിൽ വീണു താണുപോയെന്നെ
വലംകരത്താലെ പിടിച്ചുയർത്തിയവൻ
എന്റെ നാവിൽ പുതിയൊരു പാട്ടു തന്നു
എന്റെ ഉള്ളിൽ പുതിയ പ്രതീക്ഷയേകി
എന്നുമെന്നും വൻകൃപയെ പകർന്നു തന്ന
എൻപ്രിയൻ...

2. ലോകത്തിൻ തമസ്സിൽ അകപ്പെട്ടുപോയെന്നെ
തൻപ്രകാശധാരയിൻ നടുവിലാക്കിയേ
എന്റെ വഴിയിൽ ദിവ്യവെളിച്ചമേകി
എന്റെ കാലുകൾക്കു നല്ല വേഗതയേകി
എന്നുമെന്നും എന്റെ കൂടെ നടന്നിടുന്ന
എൻപ്രിയൻ...

3. പരീക്ഷകൾ പീഡനങ്ങൾ അനവധിയാം
വിശ്വാസത്തിൻ ശോധനകൾ നിരന്തരമാം
അവയെല്ലാം ജയിപ്പാൻ ശക്തിയേകുന്ന
വിശ്വാസത്തിൻ പാറമേൽ ഉറപ്പിച്ചീടുന്ന
എന്നുമെന്നും എന്റെ ഉള്ളിൽ വാസം ചെയ്യുന്ന
എൻപ്രിയൻ...